# കേരള സർവകലാശാല

നം.പി.ആർ.05/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാകേന്ദ്രങ്ങൾ

2020 ജനുവരി 14 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.എ സ്.സി/ബി.കോം (എഫ്.ഡി.പി) – 2010, 2011 അഡ്മിഷൻ മേഴ്സി ചാൻസ്, 2012 അഡ്മിഷൻ സപ്ലി മെന്ററി – ഡിഗ്രി പരീക്ഷയ്ക്കുളള ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പ്രസ്തുത പരീക്ഷയ്ക്ക് തിരുവന ന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്ത പുരം, കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.ഡി.കോളേജ് ആലപ്പുഴ എന്നിങ്ങനെ പരീക്ഷാകേന്ദ്രങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നു. വിദ്യാർത്ഥികൾ അതാത് കോളേജുകളിൽ നിന്ന് ഹാൾടിക്കറ്റ് കൈപ്പറ്റി മേൽപ്പറഞ്ഞ പരീക്ഷാകേന്ദ്ര ങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാതീയതി

2020 ജനുവരി 8 ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം/യു. ഐ.എം/ട്രാവൽ ആന്റ് ടൂറിസം/ഈവനിംഗ് റെഗുലർ) ഡിസംബർ 2019 (2014 & 2018 സ്കീം) പരീക്ഷ 2020 ജനുവരി 29 ലേക്ക് മാറ്റിയിരിക്കുന്നു.

### ടൈംടേബിൾ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി ബോട്ടണി, സൈക്കോളജി, മൈക്രോബയോള ജി, കെമിസ്ട്രി, ബയോകെമിസ്ട്രി, പോളിമർ കെമിസ്ട്രി (റെഗുലർ 2017 അഡ്മിഷൻ, സപ്ലിമെന്ററി 2014, 2015, 2016 അഡ്മിഷൻ) എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം 2020 ജനുവരി 13, 20, 21, 14, 21 എന്നീ തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈ റ്റിൽ.

### പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ എംഫിൽ ബയോഇൻഫർമാറ്റിക്സ്, കമ്പ്യൂട്ടർ എയ്ഡഡ് ഡ്രഗ് ഡിസൈൻ (സി.എ.ഡി.ഡി), ഡെമോഗ്രഫി, ആക്ച്വൂറിയൽ സയൻസ് (2018–2019) സി.എസ്.എസ് എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു.

## <u>അപേക്ഷ ക്ഷണിക്കുന്നു</u>

2017 – 2018 & 2018 – 2019 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റിസർച്ച് ജേർണലുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് സർവകലാശാല അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2020 ഫെബ്രുവരി 7. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ 'ന്യൂസ്' എന്ന ലിങ്കിൽ ലഭ്യമാണ്.

## <u>പി.ടി.എ മീറ്റിംഗ്</u>

2019 – 20 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബി.ടെക് വിദ്യാർത്ഥികളുടെ 2020 ജനുവരി 9 ന് നടത്തുമെന്നറിയിച്ച പി.ടി.എ മീറ്റിംഗ് 2020 ജനുവരി 17 ന് രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. തദവസരത്തിൽ എല്ലാ രക്ഷിതാക്കളും സന്നിഹിതരാവേണ്ടതാണ്.



പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
06.01.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098